പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2531 — 19/12/2012 - ൽ മറുപടിക്ക്

## കാരുണ്യ ഫാർമസികളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുവാൻ കേന്ദ്രമാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.എ. ബേബി. | (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ).മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കാരുണ്യ ഫാർമസികളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിക്കുവാൻ കേന്ദ്രമാനദണ്ഡങ്ങൾ മറികടന്ന് ടെൻഡറിൽ നിബന്ധനയുണ്ടാക്കിയത് വൻകിടക്കാരെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ). ഇല്ല. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സൗരോർജ്ജപാനലുകൾ സ്ഥാപിക്കുവാനുള്ള സാധ്യതാ പഠനത്തിനുവേണ്ടി താല്പര്യപത്രം (Expression of Interest) ക്ഷണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. നല്ല യോഗ്യതയുള്ള സ്ഥാപനങ്ങളെ ലഭിക്കുവാൻ വേണ്ടി MNRE ( Ministry of Non -renewable Energy) റേറ്റിംഗ് IA, IB, 2A, 2B ഉള്ളതും കഴിഞ്ഞ മൂന്ന വർഷം 25 കോടി ശരാശരി വാർഷിക വരുമാനം ഉള്ളതുമായ സ്ഥാപനങ്ങൾക്കാണ് യോഗ്യത നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റിയുടെ വിലയിരുത്തലിൽ ക്വാളിഫൈ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് RFP ( Request for Proposal) നൽകി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിനാണ് വർക്ക് ഓർഡർ നൽകി വരുന്നത്. |
| (ബി).പ്രസ്തുത സ്ഥാപനത്തേക്കാൾ കുറഞ്ഞനിരക്ക് നിശ്ചയിച്ചിട്ടുള്ളതും കേരളത്തിന്റെ നോഡൽ ഏജൻസിയുമായ അനെർട്ടിനെ ടെൻഡറിൽ നിന്നൊഴിവാക്കാൻ മാനദണ്ഡങ്ങൾ പുതുക്കിനിശ്ചയിച്ചത് ആരുടെ നിർദ്ദേശത്തെ തുടർന്നാണ്; | (ബി). അനെർട്ടിനെ ടെൻഡറിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. താല്പര്യപത്രത്തിലെ യോഗ്യത അനുസരിച്ചിട്ടുള്ള ഏതൊരു സ്ഥാപനത്തിനും ഇതിൽ പങ്കെടുക്കാവുന്നതാണ്. അനെർട്ടിനെ താല്പര്യപത്രത്തിൽ നിന്ന് പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതിനുവേണ്ടി ഒരു മാനദണ്ഡവും പുതുക്കി നിശ്ചയിച്ചിട്ടില്ല. |

| | |
|---|---|
| (സി). ഒരു കിലോവാട്ട് സൗരോർജ്ജ വൈദ്യുതിയ്ക്ക് അനെർട്ട് നിശ്ചയിച്ചിരിക്കുന്ന നിരക്കും , പ്രസ്തുത സ്ഥാപനത്തിന്റെ നിരക്കും പ്രത്യേകം ലഭ്യമാക്കുമോ ; | (സി). ടെൻഡർ വിളിച്ചിട്ടില്ല. താല്പര്യപ്പത്രം (Expression of Interest) ക്ഷണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| (ഡി). കേന്ദ്ര സർക്കാർ മൂന്നുകോടി രൂപ വിറ്റുവരവുള്ള സ്ഥാപനങ്ങളെവരെ ടെൻഡറിൽ പങ്കെടുപ്പിക്കുമ്പോൾ 25 കോടി വാർഷിക വിറ്റുവരവുള്ള കമ്പനി വേണമെന്ന് സംസ്ഥാനസർക്കാർ നിബന്ധനയുണ്ടാക്കിയത് എന്തിനാണെന്ന് വെളിപ്പെടുത്തുമോ : | (ഡി). CIAL (Cochin International Airport Ltd) പോലുള്ള സ്ഥാപനങ്ങൾ 100kw സൗരോർജ്ജ പദ്ധതിക്കുവേണ്ടി 100 കോടി രൂപ വാർഷിക വിറ്റുവരവാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. അതേ മാതൃകയിലാണ് കോർപ്പറേഷനിലും താല്പര്യപത്രം ക്ഷണിച്ചത്. എല്ലാ സ്ഥലങ്ങളിലും കൂടി 200 kw വൈദ്യുതി ലഭ്യമാക്കാൻ ഉള്ള പദ്ധതിക്കുവേണ്ടി യോഗ്യതയിൽ കഴിഞ്ഞമൂന്ന് വർഷത്തെ ശരാശരി വാർഷിക വിറ്റുവരവായി 25 കോടി രൂപ മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. യോഗ്യത മാനദണ്ഡങ്ങൾ കുറച്ചാൽ സൂക്ഷ്മ പരിശോധന വളരെ വിഷമകരമാകുന്നതിനാൽ നല്ല യോഗ്യതയും, മുൻ പരിചയവും, സാമ്പത്തിക ശേഷിയും ഉള്ള സ്ഥാപനങ്ങളെ ലഭിക്കുവാനുള്ള യോഗ്യതാ മാനദണ്ഡങ്ങളാണ് താല്പര്യപത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഇ). കാരുണ്യ ഫാർമസിയുടെ ഏതെല്ലാം സെന്ററുകളിലായി എത്ര കിലോവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള പാനലുകൾ സ്ഥാപിക്കാനാണ് ടെൻഡർ വിളിച്ചിട്ടുള്ളത് ; ഇത് മൂലം മൊത്തം എത്ര തുകയാണ് സംസ്ഥാനത്തിന് അധികമായി ചെലവാകുന്നത് ; | (ഇ). കാരുണ്യ ഫാർമസികളുടെ 35 സെന്ററുകളിലേയ്ക്കും കോർപ്പറേഷന്റെ വെയർ ഹൗസിലുമായി 5kw വീതം സൗരോർജ്ജം ലഭ്യമാക്കാനുള്ള പാനലുകൾ സ്ഥാപിക്കുവാൻ വേണ്ടി താല്പര്യപത്രം മാത്രമാണ് വിളിച്ചത്. |

| | |
|---|---|
| (എഫ്) .പുതുക്കിയ ടെൻഡർ മാനദണ്ഡത്തിന്റെ കോപ്പി ലഭ്യമാക്കാമോ ? | (എഫ്). ടെൻഡർ വിളിച്ചിട്ടില്ല. താല്പര്യപത്രം (Expression of Interest) ക്ഷണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിൽ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടില്ല. കോപ്പി അനുബന്ധമായി വെച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**